## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 816

30/06/2015-ൽ മറുപടിക്ക്

## ചൈനീസ് മരുന്ന് വില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറയം ഗോപകുമാർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ചൈനീസ് മരുന്ന് എന്ന സംശയിക്കപ്പെടുന്ന SHIZHE CALCIUM TABLETS വില്പന നടത്തിയത് എറണാകുളത്തു നിന്നും ഡ്രഗ്സ് കൺട്രോളർ വകുപ്പ് പിടിച്ചെടുത്തിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ | എ) ചൈനീസ് മരുന്ന് എന്ന് സംശയിക്കപ്പെടുന്ന SHIZHE CALCIUM എന്ന മരുന്ന് വിൽപ്പന നടത്തിയത് എറണാകുളം ഡ്രഗ്സ് ഇൻസ്പെക്ടർ പിടിച്ചെടുത്ത് കേസ് നടത്തി വരുന്നുണ്ട്. |
| ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട വിവരം വെളിപ്പെടുത്തുമോ ? | ബി) എറണാകുളം കൊച്ചി സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലെ ഡ്രഗ്സ് ഇൻസ്പെക്ടർ പാലാരിവട്ടത്ത് തമ്മനം റോഡിലെ സെന്റ് വിൻസൺ ഡീപോൾ കോൺവെന്റ് റോഡിൽ സ്ഥിതി ചെയ്യുന്ന സി.സി. 32/823 A എന്ന നമ്പറിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന Shizhe Wellness Pvt.Ltd. എന്ന സ്ഥാപനം 30/01/2013-ന് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ഈ സ്ഥാപനത്തിന്റെ ഒന്നാം നിലയിലെ അകത്തെ മുറിയിൽ സിലിണ്ട്രിക്കൽ ആകൃതിയിലുള്ള ഡ്രമ്മുകളിൽ |

പോളിത്തീൻ കവറുകളിൽ ഉള്ളടക്കം ചെയ്ത നിലയിൽ ടി ഗുളികകൾ കണ്ടെത്തുകയുണ്ടായി. ഇതിന്റെ ലേബലിൽ താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തിയിരുന്നു.

**Importer** :- Alternative Health Care Solutions 32/137 B1, Appolo Road, Thammanam P.O, Kochi.

**Supplier** :-Shantona Shengai Health Product Co, Ltd, Industrial Port, China

പരിശോധനയിൽ Calcium Chewable tablet 1500mg എന്ന ഗുളികകൾ ഗണ്യമായ അളവിൽ ഡ്രമ്മുകളിൽ സൂക്ഷിച്ചതായി കണ്ടെത്തി. ടി മരുന്നുകൾ ഇറക്കുമതി ചെയ്തതിനു ശേഷം ഈ സ്ഥാപനത്തിൽ വെച്ച് 60 ഗുളികകൾ വീതം പ്ലാസ്റ്റിക് ബോട്ടിലുകളിൽ അടക്കം ചെയ്ത് ബാച്ച് നം., Mfd., MRP എന്നിവ നിശ്ചയിച്ച് ലേബൽ ചെയ്ത് അലൂമിനിയം ഫോയിൽ ഉപയോഗിച്ച് സീൽ ചെയ്ത് നിർമ്മാണം നടത്തി വിൽക്കുന്നതായി ബോധ്യപ്പെട്ടു. അലോപ്പതി മരുന്നുകൾ നിർമ്മിക്കുന്നതിനോ വിൽപ്പനയ്ക്കായി സൂക്ഷിക്കുന്നതിനോ വിൽപ്പനക്കോ ആവശ്യമായ ഡ്രഗ് ലൈസൻസുകൾ ഇല്ലാത്തതിനാൽ ഇത് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിന്റെ ചട്ടങ്ങൾക്ക് വിരുദ്ധവും കുറ്റകരവുമായതിനാൽ ബന്ധപ്പെട്ട രേഖകൾ ഡ്രഗ്സ് ഇൻസ്പെക്ടർ കസ്റ്റഡിയിൽ എടുത്ത് എറണാകുളത്തുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ട്-I -ൽ 30/01/2013 തീയതിയിൽ സമർപ്പിക്കുകയും ഇതിന്റെ ഉടമയായ ശ്രീ.ജോസി മാത്യുവിനെതിരെ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടു മുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**